നാടൻ കലാ വിപണനമേള ജനപ്രിയമാക്കാൻ നടപടി

117 (5522) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ തനത് കല പ്രോത്സാഹിപ്പിക്കാനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി നടത്തുന്ന നാടൻ കലാ വിപണനമേള കൂടുതൽ ജനപ്രിയമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കഴിഞ്ഞവർഷം ഇത്തരം നാടൻ കലാ വിപണന മേളകൾ ഏതൊക്കെ ജില്ലകളിലാണ് സംഘടിപ്പിച്ചിരുന്നത് ;

(സി) ഓരോ ജില്ലയിലേക്കും ഇത്തരം വിപണന മേളകളിലൂടെ എന്ത് തുക വീതം വിറ്റുവരവായി നേടാനായി ;

(ഡി) ഈ നാടൻ കലാമേള കൂടുതൽ ആകർഷകമാക്കാനും കൂടുതൽ ജില്ലകളിൽ നടത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടികവിഭാഗക്കാരുടെ തനത് കലകൾ പരിപോഷിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമായി 'ഗദ്ദിക' എന്ന പേരിൽ നാടൻകലാമേള/പ്രദർശന വിപണനമേള പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കൂടുതൽ ജനപ്രിയമാക്കുന്നതിനായി ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി മേള നടക്കുന്ന് പ്രദേശങ്ങളിൽ വിപുലമായ സ്വാഗത സംഘം കമ്മിറ്റി രൂപീകരിക്കുകയും ജനപങ്കാളിത്തത്തോടെ മേള നടത്തിവരികയും ചെയ്തുവരുന്നു. കൂടാതെ പത്രം, പ്രാദേശിക ചാനൽ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെയും ബാനർ, പോസ്റ്റർ, അനൗൺസ്മെന്റുകൾ തുടങ്ങിയവയിലൂടെയും മേള ജനശ്രദ്ധയിൽ കൊണ്ടുവരുന്നു. പ്രാദേശിക കലാ സാംസ്കാരിക സാഹിത്യ പ്രവർത്തകരെകൊണ്ട് മേള നടക്കുന്ന ദിവസങ്ങളിലെ കലാപരിപാടികൾ ഉദ്ഘാടനം ചെയ്യിക്കുന്നതും മേള ജനപ്രിയമാക്കുന്നുണ്ട്. വംശീയ ഭക്ഷണം, ആവിക്കുളി, കരകൗശല വസ്തുക്കളുടെ പ്രദർശന വിപണനം തുടങ്ങിയവയിലൂടെയും നാടൻ കലാരൂപങ്ങളുടെ അവതരണങ്ങളിലൂടെയും പ്രസ്തുത മേള കൂടുതൽ ജനപ്രിയമാക്കുന്നു.

(ബി) കഴിഞ്ഞ വർഷം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിലും പത്തനംതിട്ട ജില്ലയിലും മേളകൾ സംഘടിപ്പിച്ചു.

(സി) പെരിന്തൽമണ്ണയിൽ 10,73,545 രൂപയുടെയും പത്തനംതിട്ടയിൽ 7,70,457 രൂപയുടെയും വിറ്റുവരവ് ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജനകീയ പങ്കാളിത്തത്തോടെയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വൈവിധ്യമുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെയും നാടൻ കലാമേള കൂടുതൽ ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2010-11 വർഷം മൂന്ന് ജില്ലകളിൽകൂടി മേള നടത്താനുദ്ദേശിക്കുന്നു.

വനാവകാശ നിയമം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ

118 (5523) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസികൾക്കായുള്ള വനാവകാശ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) വനാവകാശ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

(സി) വനാവകാശ നിയമം നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റികളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഇ) ആദിവാസി കോളനികളിൽ തുടർച്ചയായി പകർച്ചവ്യാധികളും പോഷക ആഹാര കുറവുമായി ബന്ധപ്പെട്ട രോഗങ്ങളും റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ ആദിവാസി കോളനികളിൽ എല്ലാ മാസവും മെഡിക്കൽ ക്യാമ്പുകൾ നടത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ നിയമത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നോഡൽ ഓഫീസറായും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡെവലപ്മെന്റ് ആന്റ് ട്രൈബൽ വെൽഫെയർ), പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, സർവ്വേ ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു നോഡൽ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ, കാസർഗോഡ് ജില്ലകളൊഴികെ മറ്റ് 12 ജില്ലകളിൽ ജില്ലാതല കമ്മിറ്റികളും 14 സബ്ഡിവിഷണൽ കമ്മിറ്റികളും 511 വനാവകാശ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. റവന്യൂ, സർവ്വേ, വനം, പട്ടികവർഗ്ഗ വികസനം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ നിയമം നടപ്പിലക്കുന്നതിന് വയനാട്, പാലക്കാട്,

LIBRARY ARCHIVES Kerala Legislative Assembly